**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1860** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ മുഖേന കൺസഷന് അപേക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാർത്ഥികൾക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ച് കൺസഷൻ ലഭിക്കുന്നതിന് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികൾക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ച് കൺസഷൻ ലഭിക്കുന്നതിനായി ലീഡ്സ് ആപ്പ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.<br><br>2024 അദ്ധ്യയനവർഷം മുതൽ കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ കൺസഷൻ നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള *www.concessionksrtc.com* എന്ന ലിങ്ക് ഉപയോഗിച്ച് ആവശ്യമായ രേഖകൾ സഹിതം വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനായി SMS സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഉപയോഗിച്ച് വരുന്ന പേപ്പർ രൂപത്തിലുള്ള കൺസഷൻ കാർഡുകൾ ആർ.എഫ്.ഐ.ഡി. കാർഡുകളിലേക്ക് മാറ്റിയിട്ടുമുണ്ട്. |
| (ബി) | നിലവിൽ വിദ്യാർത്ഥികൾ ഉപയോഗിച്ചു വരുന്ന പേപ്പർ കൺസഷൻ കാർഡുകൾക്ക് പകരം ഡിജിറ്റൽ കാർഡ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ 2025-26 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ കൺസഷൻ പുതിയ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇതിനോടകം തന്നെ അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും (31-12-2025 വരെ) 98,372 ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ബസ് ടിക്കറ്റിംഗ് മെഷീനുകളിൽ (ETIM) സ്മാർട്ട് കാർഡ് ടാപ്പ് ചെയ്ത് വിദ്യാർത്ഥികൾക്ക് യാത്ര ചെയ്യാൻ സാധിക്കുന്നതാണ്. ഒരു തവണ സ്റ്റുഡൻസ് RFID കാർഡ് ലഭിച്ചു കഴിഞ്ഞാൽ മുൻപ് ഉപയോഗിച്ചിരുന്ന കൺസഷൻ കാർഡ് പോലെ ഓരോ വർഷവും സങ്കീർണതകൾ യാതൊന്നുമില്ലാതെ വളരെ സുഗമമായി കാർഡ് വാലിഡേറ്റ് ചെയ്യാമെന്നത് |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളെ സംബന്ധിച്ച് ഏറെ സൗകര്യപ്രദമാണ്. |
| (സി) | വിദ്യാർത്ഥികൾക്കായി വിജ്ഞാനവും വിനോദവും സംയോജിപ്പിച്ച് കൊണ്ടുള്ള വിദ്യാഭ്യാസ ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | വിദ്യാർത്ഥികൾക്കായി വിജ്ഞാനവും വിനോദവും ഒരുമിപ്പിച്ച "Travel to Technology" പദ്ധതിയിലൂടെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ വിദ്യാഭ്യാസ ടൂറിസം ആരംഭിച്ചിട്ടുണ്ട്. 2024 നവംബർ മുതൽ 2025 ഡിസംബർ വരെയുള്ള കാലയളവിൽ 310 ട്രിപ്പുകൾ നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ